# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3333** | **29-01-2014 ൽ മറുപടിയ്ക്ക്**

## വൈക്കം മണ്ഡലത്തിലെ തരിശ്ശുനിലങ്ങൾ കൃഷിയോഗ്യമാക്കാൻ നടപടി

**ചോദ്യം**

ശ്രീ.കെ.അജിത്

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) വൈക്കം നിയോജക മണ്ഡലത്തിലെ ഓരോ കൃഷിഭവനുകൾക്ക് കീഴിലും കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി എത്ര ഹെക്ടർ വീതം തരിശ്ശു നിലങ്ങൾ കൃഷി യോഗ്യമാക്കി എന്ന് വെളിപ്പെടുത്തുമോ;

(എ) വൈക്കം നിയോജക മണ്ഡലത്തിലെ 9 കൃഷിഭവനുകളിൽ കഴിഞ്ഞ 3 വർഷങ്ങളിലായി തരിശ്ശുനിലങ്ങൾ കൃഷിയോഗ്യമാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| കൃഷിഭവന്റെ പേര് | 2010-11 (ഹെക്ടർ) | 2011-12 (ഹെക്ടർ) | 2012-13 (ഹെക്ടർ) |
|---|---|---|---|
| തലയോലപറമ്പ് | 50 | 63 | 15 |
| തലയാഴം | 13.484 | 22.7 | |
| ചെമ്പ് | 6.552 | 1.516 | |
| ഉദയനാപുരം | 7.04 | 3.34 | |
| മറവന്തുരുത്ത് | 2.3 | 7.968 | |
| റ്റി.വി.പുരം | 2 | 3.2 | |
| വൈക്കം | | | |
| വെച്ചൂർ | | | |
| വെള്ളൂർ | | 8 | 12 |
| | **81.376** | **109.724** | **27** |
| ആകെ **218.1** ഹെക്ടർ | | | |

| | | | |
|---|---|---|---|
| (ബി) | തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കാൻ എന്തെല്ലാം പ്രോത്സാഹന നടപടികളാണ് വകുപ്പ് നൽകുന്നതെന്നും ഇത് എത്രമാത്രം പ്രയോജന കരമായിട്ടുണ്ട് എന്നും വെളിപ്പെടുത്തുമോ; | (ബി) | ആർ.കെ.വി.വൈ തരിശുനില പദ്ധതിയിൻ കീഴിൽ തരിശുനില കൃഷി നടപ്പിലാക്കിയ കർഷകർക്ക് ഹെക്ടറിന് 12000/- രൂപ സബ്സിഡി പ്രകാരവും സസ്റ്റൈനബിൾ ഡെവലപ്പ്മെന്റ് ഓഫ് റൈസ് സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള കർഷകർക്ക് ഹെക്ടറിന് 5000/- രൂപ പ്രകാരവും ഭക്ഷ്യസുരക്ഷാ സ്കീം പ്രകാരം കർഷകർക്ക് ഹെക്ടറിന് 10000/- രൂപയും സബ്സിഡി നൽകി തരിശുനിലത്തിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുകയുണ്ടായി. ഈ പദ്ധതികൾ നടപ്പിലാക്കിയത് വഴി വർഷങ്ങളായി തരിശായി കിടന്ന വയലുകൾ കൃഷിയോഗ്യമാക്കുന്നതിനും ഇതുവഴി നെല്ലിന്റെ ഉല്പാദനം വർദ്ധിപ്പിക്കാനും കർഷകന് നെൽകൃഷിയിൽ നിന്നുള്ള ആദായം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. |
| (സി) | തരിശുകിടന്ന നിലങ്ങൾ കൃഷിചെയ്തു തുടങ്ങിയ ശേഷം തുടർച്ചയായി കൃഷി ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്. കൃഷിഭവൻ തലത്തിൽ കൃഷി ഉദ്യോഗസ്ഥർ കൃഷിഭൂമി സന്ദർശിച്ച് തുടർ കൃഷി നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ പഞ്ചായത്തുതലത്തിലും വകുപ്പ് തലത്തിലും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. |
| (ഡി) | വൈക്കം നിയോജക മണ്ഡലത്തിലെ കൃഷി ഭവനുകൾക്കു കീഴിൽ വർഷം തോറും നെല്ലുത്പാദനം വർദ്ധിക്കുന്നതായി ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടോ? | (ഡി) | കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ